"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - നെൽകൃഷി വികസനത്തിന്റെ ഭാഗമായി തരിശുഭൂമിയിലെ കാട് വെട്ടിത്തെളിക്കുന്നതിന് തുക വിനിയോഗിക്കാൻ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1885/2025/LSGD തീയതി,തിരുവനന്തപുരം, 31-07-2025

---

പരാമർശം:-

1. കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14/01/2025-ലെ കത്തും, ഏഴോം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10/12/2024-ലെ 276/2024(4)-ാം നമ്പർ തീരുമാനവും.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 24/06/2025-ലെ 4.26 നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ ഏഴോം ഗ്രാമപഞ്ചായത്തിൽ അഞ്ച് പാടശേഖരങ്ങളിലായി 185 ഹെക്ടറോളം കൈപ്പാട് നിലങ്ങൾ ഉണ്ട്. 45 ഹെക്ടറോളം തരിശ് ഭൂമിയിൽ 20 ഹെക്ടർ സ്ഥലം കൃഷി യോഗ്യമാക്കാൻ ഉദ്ദേശിക്കുന്നു. ഈ പ്രദേശങ്ങളിൽ ചുള്ളിക്കാട് വളർന്നു നിൽക്കുന്നതിനാൽ കൃഷിയോഗ്യമല്ല. നെൽകൃഷി വികസനത്തിന്റെ ഭാഗമായി ചുള്ളിക്കാട് (മുള്ളുകാട്) വെട്ടിക്കളയുന്നതിന് വിഹിതം ഉപയോഗിക്കാൻ അനുമതി നല്കണമെന്ന പരാമർശം (1) പ്രകാരമുള്ള അപേക്ഷ സർക്കാർ പരാമർശം (2) പ്രകാരം ചേർന്ന കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിച്ചു.

തരിശുകിടക്കുന്ന ഭൂമിയിൽ നെൽകൃഷി നടത്തുന്നതിന് ഒരു ഹെക്ടറിന് കർഷകന് 35,000/- രൂപയും, സ്ഥലമുടമക്ക് 5000/- രൂപയുമടക്കം ആകെ 40,000/- രൂപയാണ് ചെലവഴിക്കാവുന്നത്. സ്ഥലപരിശോധന നടത്തി ചുള്ളിക്കാട് വെട്ടുന്നതിന്റെ ആവശ്യകത പരിശോധിച്ച് വേണം വെറ്റിംഗ് ഓഫീസർ പ്രോജക്ട് വെറ്റ ചെയ്യേണ്ടത് എന്ന നിബന്ധനയോടെ, കൈപ്പാട് നിലം നെൽകൃഷിക്ക് യോഗ്യമാക്കാനായതിനാൽ മുകളിൽ പറഞ്ഞതിനുപുറമെ അധികമായി എത്ര തുകയാണ് വേണ്ടതെന്ന് എസ്റ്റിമേറ്റ് തയ്യാറാക്കി അതിനുള്ള വിഹിതത്തിന് പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അനുമതിയോടെ തുക ചെലവഴിക്കാൻ പ്രത്യേക അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ.

സെക്രട്ടറി, ഏഴോം ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല.

ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ, (എ&ഇ)/(ഓഡിറ്റ്), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(3209991)

ഉത്തരവിൻ പ്രകാരം,

Signed by

Viraj K

Date: 31-07-2025 11:19:48

സെക്ഷൻ ഓഫീസർ.